പീരുമേട് ഗവൺമെൻറ് ആശുപത്രി കെട്ടിടത്തിൻെറ പണി

465 [658] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പീരുമേട് ഗവൺമെൻറ് ആശുപത്രി കെട്ടിടത്തിൻെറ പണി പൂർത്തിയാക്കാത്തതിൻെറ കാരണം വ്യക്തമാക്കാമോ ;

(ബി) പണി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) പീരുമേട് ഗവൺമെൻറ് ആശുപത്രിയുടെ പണി ഏറ്റെടുത്തിട്ടുള്ള കോൺട്രാക്ടർക്ക് കുടിശ്ശികതുകയുള്ള ബില്ല് മാസങ്ങൾ കഴിഞ്ഞിട്ടും നൽകിയിട്ടില്ലെന്നുള്ള വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുടിശ്ശിക തുക നൽകുന്നതിനു എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

(ഇ) കുടിശ്ശിക തുക നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(എഫ്) പീരുമേട് താലൂക്കിൽ പൊതുമരാമത്ത് വകുപ്പിൻെറ കീഴിൽ എത്ര രൂപയുടെ പണികൾ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 90 ശതമാനം പണി നടന്നുകഴിഞ്ഞിട്ടുണ്ട്. സാമ്പത്തികബുദ്ധിമുട്ടുകാരണം കോൺട്രാക്ടർ പണി മന്ദീഭവിപ്പിച്ചതിനാലാണ് പണി പൂർത്തിയാകാത്തത്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി, ഇ) കുടിശ്ശിക തുക നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഏകദേശം 150.8 ലക്ഷം രൂപയുടെ പണി നടക്കുന്നുണ്ട്.

കൂറുമണ്ണ്-പൈകടപ്പീടിക-പയസ്മൗണ്ട് റോഡിൻെറ പണി

466 [659] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എം. എൽ. എ. റോഡായ കൂറുമണ്ണ്-പൈകടപ്പീടിക-പയസ്മൗണ്ട് റോഡിൻെറ പണി കോൺട്രാക്ടർ നാളിതുവരെ ആരംഭിച്ചിട്ടില്ലാ എന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്രയുംവേഗം പണിയാരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡായ തേൻപുഴ-ഇളംകാട് റോഡിൻെറ പണി പൂർത്തിയാകാറായെങ്കിലും പാലങ്ങളും കലുങ്കുകളും ടെണ്ടർ ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എത്രയും വേഗം ടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പൂഞ്ഞാർ-പൂട്ടിയ്ക്കൽ റോഡിന്റെ സെക്ഷൻ റീച്ച് (ചോലത്തടം-പത്താനം) കഴിഞ്ഞ ആറു വർഷമായി പണി മുടങ്ങികിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പണി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1985 ഏപ്രിലിൽ ഈ പണി ആരംഭിച്ചുവെങ്കിലും ഇപ്പോൾ പൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പണി തുടർന്ന് നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പാലങ്ങളുടെ പണി ടെണ്ടർ ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കലുങ്കുകളുടെ പണി (28 എണ്ണം) ഏർപ്പാട് ചെയ്തുകഴിഞ്ഞ പണിയിൽ ഉൾപ്പെടുന്നുണ്ട്.

(ഡി) പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കുക, ഭരണാനുമതി നൽകുക തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ ഉടനെ ടെണ്ടർ ചെയ്യുവാൻ ബുദ്ധിമുട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ റോഡിന്റെ ശരിയായ പേര് പൂഞ്ഞാർ-കൂട്ടിക്കൽ റോഡ് എന്നാണ്.

(എഫ്) പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയറൻമാരുടെ നിയമനം

467 [660] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പൊതുമരാമത്ത് വകുപ്പിലേക്ക് എക്സിക്യൂട്ടീവ് എൻജിനീയറായി നിയമിക്കുവാൻ 1985 ഏപ്രിൽ മാസത്തിൽ പി. എസ്. സി. തയ്യാറാക്കിയ ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ട് :

(ബി) ആ ലിസ്റ്റിൽനിന്നും ബാക്കിയുള്ളവരെകൂടെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) നിയമാനുസരണമുള്ള പ്രാതിനിധ്യക്കുറവ് പരിഹരിക്കുവാൻ ഇനി എത്രപേരെകൂടെ ആ ലിസ്റ്റിൽനിന്നും എടുക്കേണ്ടതായിട്ടുണ്ട് ?

ഉത്തരം

(എ) മൂന്നുപേരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന എക്സിക്യൂട്ടീവ് എൻജിനീയറൻമാരായി നിയമിച്ചിട്ടുണ്ട്.

(ബി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം മൂന്നുപേരെ നിയമിക്കാൻ മാത്രമേ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളൂ.

(സി) പ്രാധിനിദ്ധ്യം കുറവുള്ളതായി ബോദ്ധ്യപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly